**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **14-01-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ് | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിഫ്ബി മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കാമോ; | (എ) | കല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ചെറുതാഴം ,കുഞ്ഞിമംഗലം പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി 75 % പൂർത്തീകരിച്ചു. ഈ പ്രവൃത്തി 31.03.2021 നോട് കൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, നബാർഡ്, ജൽജീവൻ മിഷൻ എന്നീ പദ്ധതികൾ വഴി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചു; എത്ര ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകാൻ കഴിഞ്ഞു; ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി ഒന്നാംഘട്ടം, രണ്ടാം ഘട്ടം, നബാർഡ്, ജലജീവൻ മിഷൻ എന്നീ പദ്ധതികൾ വഴി കല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും സ്ഥാപിച്ച പൈപ്പ് ലൈനുകൾ, ആയതിലേയ്ക്ക് ചെലവഴിച്ച തുക, നൽകിയ കണക്ഷനുകളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. കല്യാശ്ശേരി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജല ജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും നബാർഡ് ഫണ്ട് ഉപയോഗിച്ച് മാട്ടൂൽ, പട്ടുവം, കണ്ണപുരം പഞ്ചായത്തുകളിൽ നടന്നുവരുന്ന പ്രവൃത്തികളും 2021 മാർച്ച് 31 നുള്ളിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, നബാർഡ്, ജലജീവൻ മിഷൻ എന്നീ പദ്ധതികൾ വഴി കല്യാശ്ശേരിമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലുംപൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ള വിവരങ്ങൾ

| പഞ്ചായത്ത് | പൈപ്പ് ലൈൻ (കിലോമീറ്റർ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| ചെറുകുന്ന് | 46.95 | 98.33 | 2165 |
| മാട്ടൂൽ | 51.525 | 52.29 | 836 |
| കല്യാശ്ശേരി | 97.14 | 202.3 | 2819 |
| കണ്ണപുരം | 80.07 | 170.12 | 2231 |
| പട്ടുവം | 59.524 | 100.05 | 2002 |
| കടന്നപ്പള്ളി -പാണപ്പുഴ | 162.23 | 731.48 | 1823 |
| ഏഴോം | 78.92 | 167.58 | 2495 |
| മാടായി | 27.00 | - | 2088 |
| ചെറുതാഴം | 8.00 | 93.58 | - |
| കുഞ്ഞിമംഗലം | 10.00 | 140.03 | - |

Draft #3 of File KWA.JB/PIU(2)/LA-1012/2021 Approved by Chief Engineer (Projects and Operations) on 11-Jan-2021 04:47 PM - Page 2